# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.768          11.07.2016-ലെ മറുപടിക്ക്

## ചാത്തന്നൂർ മണ്ഡലത്തിലെ പള്ളിക്കമണ്ണടിപ്പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ജി. എസ്. ജയലാൽ** | | **ശ്രീ. ജി. സുധാകരൻ**<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ). ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പള്ളിക്കമണ്ണടിപ്പാലം നിർമ്മിക്കുന്നതിലേയ്ക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും, ഈ ആവശ്യത്തിലേയ്ക്കായി എത്ര രൂപാ വിനിയോഗിച്ചുവെന്നും അറിയിക്കുമോ ; | (എ) & ബി) | പള്ളിക്കമണ്ണടിപ്പാലം നിർമ്മാണത്തിന് 14.08.2009 ലെ G.O(Rt) 1185/09/PWD ഉത്തരവ് പ്രകാരം 315 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണത്തിനായി സർവ്വേയും മണ്ണുപരിശോധനയും പൂർത്തിയായിട്ടുണ്ട്. പാലത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചു. സ്ഥലം ഉൾപ്പെട്ട നിലം നികത്തുന്നതിന് റവന്യൂ അധികാരികൾ അളന്നു തിട്ടപ്പെടുത്തിയ സ്ഥലത്തിന് നെൽവയൽ നികത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പുനർ സർവ്വേയിൽ കുറേ നിലം കൂടി അതിർത്തി കല്ലിൽ ഉൾപ്പെട്ടിട്ടുള്ളതായി റവന്യൂ അധികാരികൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അധികമായുള്ള നിലം നികത്തുന്നതിന് കൃഷി വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. പാലത്തിന്റെ ജനറൽ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി). പ്രസ്തുത പാലം നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | | |

ഈ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സർവ്വേ, മണ്ണ പരിശോധന, അതിർത്തി കല്ലുകൾ സ്ഥാപിക്കൽ എന്നിവയ്ക്ക് 4,04,948/- രൂപ ചെലവായിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാകുന്നതോടു കൂടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| **(സി).** | പാലം നിർമ്മാണം ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും എത്ര രൂപ ചെലവഴിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ എത്ര രൂപയെന്ന് അറിയിക്കുമോ ? | **സി).** | പള്ളിക്കമണ്ണടിപ്പാലത്തിന്റെ നിർമ്മാണത്തിന് നിലവിലെ കണക്കനുസരിച്ച് ഏകദേശം 9 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. ഏകദേശം 68 സെന്റ് സ്ഥലം എങ്കിലും ഏറ്റെടുക്കേണ്ടതായുണ്ട്. നിലവിൽ ടി സ്ഥലത്തിന് 1.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**